# പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രുതീയൻ കാതോലിക്കാ ബാവാ തിരുമേനിക്ക് മംഗളം !!

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

ഓർത്തഡോക്സ് സഭാ൦നൗക സധൈര്യം നയിക്കാനായ്
കർത്തൃനിയോഗം പോലെ മാർത്തോമ്മൻ സിംഹസനേ
നിസ്തുല സ്നേഹോജ്വല ദീപമായ് പ്രശോഭിക്കും
മാത്യൂസ് ത്രുതീയൻ ശോഭിതൻ  കാതോലിക്കാ!
മർത്യരെ മഹാശയൻ ദീപങ്ങളായ് സൃഷ്ടിപ്പൂ
നെറ്റിമേലടയാളം വിശുദ്ധർക്കേകുന്നീശൻ,
ദീനർക്കു കാരുണ്യത്തിൻ ദീപങ്ങൾ  തെളിച്ചിടാൻ
ദീനബന്ധുവാമീശൻ കല്പിച്ച ശ്രേഷ്ഠാത്മജൻ !
പത്തോളം 'പ്ര' സ്ഥാപനമത്യന്തം പ്രപാലിക്കും
സത്യദൈവത്തിൻ പ്രിയ പുത്രനേ നമോവാകം !
നന്മയോടെന്നും സഭാസാരഥ്യം വഹിക്കുവാൻ
കർമ്മധീരനായങ്ങ് കർമ്മഭൂഭൂവിങ്കലെങ്ങും
സമ്മോദ സമന്വിതം ശോഭിപ്പാൻ പ്രാർത്ഥനയാൽ
ചിന്മയാനന്ദരൂപീ അർത്ഥിപ്പേൻ കൃപയ്ക്കായി
എന്തെന്തു വ്യവഹാരത്തീച്ചൂള ചുറ്റും കത്തി
കാറ്റിലും കോളിലുമായുലയും സഭായാനം
കൺടകാകീർണ്ണമാകും താതാ ത്വൽ കർമ്മഭൂമി
പുഷ്പാസ്തൃതമായിടാൻ സർവ്വേശാ കൃപചെയ്ക !
സംശാന്തി വിളയട്ടേ സഭാവിഹായസത്തിൽ
സംശുദ്ധ സ്നേഹത്തിന്റെ സത്പഥം തെളിയട്ടേ !
ദൈവത്തിൻ നിയോഗാഖ്യൻ അപൂർവ്വ ഭാഗ്യലബ്ധൻ
ദൈവിക ത്യാഗമാർഗ്ഗേ ക്രൈസ്തവ സഭാകേന്ദ്രേ
അക്ഷയ ജ്യോതിസ്സായി ശോഭിക്കും മഹാത്മജൻ
അക്ഷോഭ്യ വിശുദ്ധനായി വാണാലും സചൈതന്യം !
മാത്യൂസ് ത്രുതീയൻ കാതോലിക്കാരൂഢനായ്

ഓർത്തഡോക്സ് ദീപശിഖ ജാജ്വല്യം തെളിച്ചാലും !

ഭക്തനായ് സത്തമനായ് ധാവള്യയശോരാശി

നിസ്തന്ദ്രം തിളങ്ങിടും ദിവ്യനായ് മേവീടുകേ!

ദു:ഖിതർ ക്കശരണർക്കനാഥർക്കു സാന്ത്വന -

പൊൽക്കിരണങ്ങൾ വീശുമാചാര്യ ദിവാകരാ

മാർത്തോമ്മാ ശ്ലീഹാ തൻ പിൻഗാമി സഭാംബയ്ക്കു്

ഉത്തുംഗം ക്രിസ്തുധർമ്മം സദ്രസം പാലിക്കാനായ്

ഉന്നത പഥത്തിങ്കൽ അലംകൃതനാം താതാ,

ദീനബന്ധുവാം ഭവൽ പ്പാദത്തിൻ ദുർഘടങ്ങൾ

ധീരനായ് ദൈവശക്ത്യാ സാരള്യം താ  ീടുവാൻ

ദേവേശൻ കനിയട്ടെ ആയുരാരോഗ്യങ്ങളോടെ,

മംഗളം നേർന്നിടട്ടെ വന്ദ്യനാം  സവ്യേഷ്ടനേ

മാർത്തോമ്മാ സഭാനൗക പ്രശാന്തം നയിക്കാനായ്,

വിജയിക്കട്ടേ നിത്യം താവക സച്ചരിത്രം

വിജയിക്കട്ടേ നീണാൾ ഓർത്തഡോക്സ് ദീപശിഖ !!

## New York

October 29, 2021

